# പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ടാത്ത ചോദ്യം നമ്പർ. 113 — 28/11/2018 ൽ മറുപടിക്ക്

**ആചാര സംരക്ഷണത്തിന്റെ മറവിൽ കലാപം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ**

ചോദ്യം — മറുപടി

ശ്രീ.കെ.ദാസൻ — പിണറായി വിജയൻ (മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല സ്ത്രീ പ്രവേശനം സംബന്ധിച്ച് സുപ്രീംകോടതി ഭരണഘടനാ ബെഞ്ചിന്റെ വിധി നടപ്പിലാക്കുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ബഹു സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ക്ഷേത്ര ദർശനത്തിനെത്തുന്ന തീർത്ഥാടകർക്ക് മതിയായ സുരക്ഷയും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിന് സർക്കാരും ദേവസ്വം ബോർഡും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ആചാര സംരക്ഷണത്തിന്റെ മറവിൽ സംസ്ഥാനത്ത് കലാപം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കലാപ ശ്രമങ്ങൾ പ്രതിരോധിക്കാനും ക്രമസമാധാനം സംരക്ഷിക്കാനും എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | ശബരിമലയിലും അനുബന്ധ പ്രദേശങ്ങളായ ഇലവുങ്കൽ, നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിലും പ്രതിഷേധക്കാരുടെ കലാപശ്രമങ്ങൾ പ്രതിരോധിക്കാനും ക്രമസമാധാനം സംരക്ഷിക്കാനുമായി നിരോധനാജ്ഞ ഉൾപ്പെടെയുള്ള നടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി തീർത്ഥാടകർക്ക് സുഗമവും സമാധാന പൂർണ്ണവുമായ ദർശനം സാധ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ